# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 4472 – 18/05/2017 - ലെ മറുപടിക്ക്

### മാനവ വികസന നിലവാരം

ചോദ്യം

ഉത്തരം

ശ്രീ. മഞ്ഞളാംകുഴി അലി.

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | മാനവ വികസന നിലവാരം ഉയർത്തുന്നതിനു വേണ്ടി സാമൂഹ്യ സേവനങ്ങൾക്കുള്ള സംസ്ഥാനത്തിന്റെ റവന്യൂ ചെലവ് മറ്റ് സംസ്ഥാനങ്ങളുടെതുമായി താരതമ്യം ചെയ്ത് പരിശോധിച്ചിട്ടുണ്ടോ; | ഉണ്ട് |
| ബി | ഈ മേഖലയ്ക്ക് സംസ്ഥാനത്തിന്റെ ചെലവ് മറ്റ് സംസ്ഥാനങ്ങളുടെതിനെക്കാൾ കുറവാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ മേഖലയ്ക്ക് അർഹമായ മുൻഗണന നൽകാതിരിക്കുന്നതിന് കാരണമെന്താണ്; | മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മാനവ വികസന സൂചികയനുസരിച്ച് കേരളം ഒന്നാം സ്ഥാനത്താണ്. ആയതിനാൽ സാമൂഹ്യ മേഖലയിൽ കേരളത്തിന്റെ ചെലവ് മറ്റ് സംസ്ഥാനങ്ങളേക്കാൾ കുറവാണെന്ന് പറയാൻ കഴിയില്ല. |
| സി | സാമൂഹ്യ സേവനങ്ങളുടെ ചെലവ് വർദ്ധിപ്പിക്കുന്നതിനും അതുവഴി മാനവ വികസന നിലവാരം ഉയർത്തുന്നതിനും ആവശ്യമായ മുൻഗണന നൽകുമോ; എങ്കിൽ ഇതിനായി എന്തെല്ലാം മാറ്റമാണ് ഉദ്ദേശിക്കുന്നത്? | ഓരോ വർഷവും സാമൂഹ്യ മേഖലയ്ക്കുള്ള ചെലവിൽ കേരളം കാര്യമായ വർദ്ധനവ് വരുത്തുന്നുണ്ട്. പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ മുൻഗണന നൽകേണ്ട പ്രത്യേക വിഭാഗങ്ങളും പദ്ധതികളും രൂപകൽപ്പന ചെയ്യുന്നതിനായി പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ വിളിച്ചു ചേർക്കുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2016-17 വാർഷിക പദ്ധതിയിൽ സാമൂഹ്യ സേവനങ്ങൾക്കായി 7447.43 കോടി രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. ഇത് 2017-18 വർഷത്തിൽ 8929.16 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ